പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 964

03.12.2014 ന് മറുപടിയ്ക്ക്

## മാറഞ്ചേരി ഐ.ടി.ഐ കെട്ടിടം പണിയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) മാറഞ്ചേരി ഐ.ടി.ഐ യ്ക്ക് കെട്ടിടം പണിയുന്നതിനായി മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ സ്ഥലം തൊഴിൽ വകുപ്പിന് വിട്ടു തന്നുകൊണ്ട് പഞ്ചായത്ത് വകുപ്പ് ഉത്തരവിറക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത ഐ.ടി.ഐ യ്ക്ക് കെട്ടിടം പണിയുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുക; ഏത് വർഷത്തിൽ എന്ന് വിശദമാക്കുമോ ; | (ബി) തുക വകയിരുത്തിയിട്ടില്ല. |
| (സി) പ്രസ്തുത ഐ.ടി.ഐ യ്ക്ക് കെട്ടിടം പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; | (സി) മാറഞ്ചേരി വില്ലേജിലെ റീസർവ്വേ നമ്പർ 135/4-ൽപ്പെട്ട 50 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടങ്ങളും ഉൾപ്പെടെ വ്യാവസായിക പരിശീലന വകുപ്പിന് കൈമാറുന്നതിന് ജി.ഒ (ആർ.ടി) നം.1895/14/തസ്വഭവ തീയതി 19.7.14 പ്രകാരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറുന്നതിന് ഉത്തര വായിട്ടുണ്ടെങ്കിലും ജി.ഒ (എം.എസ്) നം.174/11/റവന്യൂ തീയതി 2.5.11 ഉത്തരവ്, 8.5.13 ലെ LRK2-18287/12 നമ്പർ സർക്കുലർ എന്നിവ പ്രകാരം സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം റവന്യൂ വകുപ്പ് വഴി മാത്രമേ നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥലം വകുപ്പിന് ലഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയത് പൂർത്തീകരിച്ച് സ്ഥലം വകുപ്പിന് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| (ഡി) നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് ഗ്രാമ പഞ്ചായത്ത് വിട്ടുകൊടുത്ത സ്ഥലത്ത് MLA ഫണ്ടിൽ നിന്നും പണി പൂർത്തീകരിച്ച കെട്ടിടത്തിലേയ്ക്ക് ഒരു ട്രേഡെങ്കിലും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ? | (ഡി) സ്ഥലവും കെട്ടിടവും വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥലത്തേക്ക് ഐ.ടി.ഐ.യുടെ പ്രവർത്തനം മാറ്റുന്നതാണ്. |

സെക്ഷൻ ഓഫീസർ